താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ മേൽനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാര്യത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ മറ്റുള്ളവരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ നിർവ്വാഹമില്ല. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(9) എറണാകുളത്തെ വൈപ്പിൻ ലിക്വിഫൈഡ് നാച്ചുറൽ ഗ്യാസ് ടെർമിനലിന്റെ നിർമ്മാണം

ഡോ. എം. എ. കുട്ടപ്പൻ : സർ, എറണാകുളത്ത് വൈപ്പിനിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ലിക്വിഫൈഡ് നാച്ചുറൽ ഗ്യാസ് ടെർമിനലിന്റെ നിർമ്മാണം ഇത് വരെ ആരംഭിച്ചിട്ടില്ല. നാല് വർഷം മുൻപുണ്ടായ ഒരു പ്രൊപ്പോസലാണിത്. ഈ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായെങ്കിൽ മാത്രമേ നമ്മുടെ വൈദ്യുതി ഉല്പാദന രംഗത്തെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാക്കുകയുള്ളൂ. ചെലവു കുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ദ്രവീകൃത പ്രകൃതി വാതകമാണ്. അവിടെ ഇൻവെസ്റ്റിഗേഷനൊക്കെ പൂർത്തിയായിട്ടുണ്ട്. കൊച്ചിൻ പോർട്ട് ഏതാണ്ട് 50 ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതു മാത്രമല്ല, ഈ ടെർമിനൽ അവിടെ വന്നുകഴിഞ്ഞാൽ മംഗലാപുരത്തേക്കും കായംകുളത്തേക്കും എത്തിക്കാനുള്ള പൈപ്പിടാനുള്ള എഗ്രിമെന്റ് ആയിട്ടുണ്ട്. ഈ ടെർമിനലിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഗ്യാസ്, അതോറിറ്റി ഓഫ് ഇന്ത്യ, ഓയിൽ ആന്റ് നാചുറൽ ഗ്യാസ് കോർപ്പറേഷൻ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നിവ ചേർന്ന് പെട്രോനെറ്റ് എൽ.എൻ.ജി. എന്ന പേരിൽ ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനി കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള ടെർമിനലിന് ആവശ്യമായ സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പെട്രോനെറ്റ് എൽ.എൻ.ജി. കൊച്ചിയിൽ ഒരു ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ സംസ്ഥാനത്ത് സ്ഥാപിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രധാന നേട്ടം വൈദ്യുത മേഖലയിലും, ഫാക്ട് തുടങ്ങിയ കൊച്ചിയിലെ വ്യവസായ മേഖലയിലുമാണ്. ദ്രവീകൃത പ്രകൃതി വാതകം നാഫ്തയ്ക്കോൾ താരതമ്യേന വില കുറഞ്ഞ ഇന്ധനമാകയാൽ നാഫ്ത അടിസ്ഥാനമാക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കായംകുളം എൻ.റ്റി.പി.സി., ബി.എസ്.ഇ.എസ്. തുടങ്ങിയ താപനിലയങ്ങളിൽനിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ കഴിയും. കായംകുളം താപനിലയത്തിന്റെ വികസനവും എൽ.എൻ.ജി. ടെർമിനലിന്റെ നിർമ്മാണവും പരസ്പരം ബന്ധപ്പെടുന്നതാണ്. കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം കേന്ദ്ര ഊർജ്ജ വകുപ്പുമായും പെട്രോളിയം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമായും കത്തിടപാടുകൾ നടത്തിവരികയാണ്. ഇക്കാര്യം വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി കേന്ദ്ര പെട്രോളിയം വുകപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ 3-3-2001-ൽ ഡൽഹിയിൽവച്ച് കൂടിയ കേന്ദ്ര ഊർജ്ജവകുപ്പു മന്ത്രിമാരുടെ യോഗത്തിലും ഇക്കാര്യം പരാമർശിക്കുകയും രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗ്യാസ് അതോറിറ്റി ഈ പദ്ധതിയുടെ മിനിമം കപ്പാസിറ്റി സംബന്ധിച്ച് മാർക്കറ്റിംഗ് സർവ്വേ നടത്തിവരികയാണ്. ഇതു പൂർത്തിയായാലുടൻ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുമെന്നും 2004-ഓടെ ഈ പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(10) കോഴിക്കോട് മെഡിക്കൽ കോളേജിലെ മെയിൽ നഴ്സ് ഷൺമുഖദാസിനെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവം

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, കൊടകര സ്വദേശിയും കോഴിക്കോട് മെഡിക്കൽ കോളേജിലെ മെയിൽ നഴ്സുമായ പി.കെ. ഷൺമുഖദാസൻ വളരെ അവശ നിലയിൽ വീട്ടിൽ കഴിയുകയാണ്. കഴിഞ്ഞ ഡിസംബർ മാസം 16-ാം തീയതി 8 മണിയോടെ ജോലി കഴിഞ്ഞ് ഹോട്ടലിൽ ഭക്ഷണം കഴിച്ച് കൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടം ആളുകൾ അദ്ദേഹത്തെ ആക്രമിച്ചു. ബി.ജെ.പി-സി.പി.ഐ(എം) സംഘട്ടനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിൽസയിൽ ആയിരുന്ന സി.പി.ഐ.(എം) കാരനായ ഒരാളെ കട്ടിലിൽനിന്നും താഴെയിറക്കി കിടത്തിയത് സംബന്ധിച്ചുണ്ടായ തർക്കവും തുടർന്നുണ്ടായ പ്രതികാരവുമാണ് സംഭവത്തിന്റെ പിന്നിലെന്നാണ് പറയുന്നത്. അദ്ദേഹം 41 ദിവസംവരെ ആശുപത്രിയിൽ കിടന്നു. അതിനുശേഷം അനങ്ങാൻ കഴിയാതെ കിടക്കുകയാണ്. ചികിൽസയ്ക്ക് പൈസയില്ല. 10 ലക്ഷം രൂപ നഷ്ടപരിഹാരം ചോദിച്ചിട്ടുണ്ട്. ഇതുവരെയും ആരേയും ഇതു സംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടില്ല. എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കോഴിക്കോട് മെഡിക്കൽ കോളേജിലെ മെയിൽ നഴ്സ് ഷൺമുഖദാസിനെ 16-12-2000-ൽ ഏതാനും പേർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു. ഇതു സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം 303/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘം പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് അന്വേഷണം നടത്തിവരുന്നു. അന്വേഷണം ത്വരിതപ്പെടുത്തി നടപടി സ്വീകരിക്കാൻ ഡി.ജി.പി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാരം സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly